എസ്. എസ്. എ. പ്രോജക്ടിൽ ജൂനിയർ സൂപ്രണ്ട് തസ്തിക അനുവദിക്കാൻ നടപടി

62 [2280] ശ്രീ. ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ 14 ജില്ലകളിലായി നിലവിലുള്ള എസ്.എസ്.എ. പ്രോജക്റ്റ് ഓഫീസുകളിൽ ജൂനിയർ സൂപ്രണ്ട് തസ്തിക അനുവദിക്കുന്നതിനെ സംബന്ധിച്ചുള്ള നടപടിയുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ജൂനിയർ സൂപ്രണ്ട് തസ്തിക അനുവദിക്കുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; എങ്കിൽ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) കേന്ദ്ര ഗവൺമെന്റ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന എസ്.എസ്.എ. പ്രോജക്റ്റിൽ പോസ്റ്റുകൾ അനുവദിക്കുന്നതിന് നിയന്ത്രണം കൊണ്ടു വരുന്നതിന്റെ കാരണം വെളിപ്പെടുത്തുമോ;

(ഡി) എസ്.എസ്.എ.-കളിൽ ജെ.എസ്. പോസ്റ്റ് അനുവദിച്ച് ഉത്തരവാകുമോ?

ഉത്തരം

(എ ആന്റ് ബി) എസ്.എസ്.എ.-യുടെ സ്റ്റേറ്റ് പ്രോജക്ട് ഓഫീസിലും ജില്ലാ ഓഫീസിലും ജൂനിയർ സൂപ്രണ്ട് തസ്തിക ഉൾപ്പെടെയുള്ള അധിക തസ്തിക സൃഷ്ടിക്കുന്നതിനായുള്ള നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു.

(സി) പദ്ധതി ചെലവിന്റെ ഒരു വിഹിതം സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്. അതിനാലാണ് ഇതിൻമേൽ നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുന്നത്.

(ഡി) പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതാണ്.

ഇന്റർ നാഷണൽ ജനറൽ സർട്ടിഫിക്കറ്റ് ഇൻ സെക്കണ്ടറി എഡ്യൂക്കേഷൻ പദ്ധതിക്ക് സ്വീകരിച്ച നടപടികൾ

63 [2281] ശ്രീ. കെ. എൻ. എ. ഖാദർ:
„ കളത്തിൽ അബ്ദുള്ള:
„ പി. കെ. കെ. ബാവ:
„ സി. മോയിൻകുട്ടി:
„ പി. കെ. അബ്ദുറബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്റർ നാഷണൽ ജനറൽ സർട്ടിഫിക്കറ്റ് ഇൻ സെക്കണ്ടറി എഡ്യൂക്കേഷൻ സിലബസ് അനുസരിച്ച് കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly